# പതിനാലാം കേരള നിയമസഭ

## <u>രണ്ടാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 334, 27.09.2016 ൽ മറുപടിക്ക്**

**'സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് സ്കീമുകൾ'**

| | ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | ഉത്തരം<br>ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പമന്ത്രി<br>ഡോ.ടി.എം.തോമസ് ഐസക്ക് |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കുള്ള ജി. ഐ.എസ്. , എസ്. എൽ. ഐ എന്നീ ഇൻഷ്വറൻസ് സ്കീമുകളിലെ ക്ലോഷർ ബെനഫിറ്റ്/റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതിന് സബ്സ്ക്രിപ്ഷൻ ഡീറ്റെയിൽസ് രേഖപ്പെടുത്തിയ പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ട ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ ; | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ജി.ഐ.എസ് പദ്ധതിയുടെ വ്യക്തിഗത കണക്ക് വിവരങ്ങൾ ലെഡ്ജറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ജി.ഐ.എസ് വരിസംഖ്യാ വിവരങ്ങൾ സൂക്ഷിക്കുന്നതിനുള്ള ചുമതല ആദാനവിതരണ ഉദ്യോഗസ്ഥൻമാർക്കാണ്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ടി പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ മാത്രമാണ്. |
| (ബി) | പാസ് ബുക്ക്/സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ക്ലോഷർ ബെനഫിറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | ആദാനവിതരണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ വരിസംഖ്യാ കിഴിവ് പട്ടികയുടെ അഭാവത്തിൽ ടി ക്ലെയിമുകൾ തീർപ്പാക്കുന്നതിന് വകുപ്പിന് പരിമിതി ഉണ്ട്. എന്നാൽ ആദാനവിതരണ ഉദ്യോഗസ്ഥരുടെ ഓഫീസ് രേഖകളിൽ വരിസംഖ്യാ കിഴിവ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അവർക്ക് ഇക്കാര്യത്തിൽ വരിക്കാരനെ സഹായിക്കാൻ കഴിയുന്നതാണ്. |

Remmy

**സെക്ഷൻ ഓഫീസർ**